## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3086**

10.03.2017-ൽ മറുപടിക്ക്

### ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ് ; | (എ) ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരമ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി, റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ആർ.ഡി.ഒ. കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ എന്നിവയാണ് സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ. |
| (ബി) ഭവന നിർമ്മാണത്തിനായി ഗവൺമെന്റ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ സാധ്യതയുണ്ടോ ; | (ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് **(ലൈഫ്)** രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) ഭവന നിർമ്മാണത്തിനായി ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുടുംബാംഗങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ